# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല –ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് - 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4(11 )പ്രകാരം തടസ്സപ്പെടുത്തിയ 25,900/- (ഇരുപത്തിഅയ്യായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**സ.ഉ. (സാധാ) നം.2191/18/തസ്വഭവ. തിരുവനന്തപുരം, തീയതി:08.08.2018**

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ 22.11.2017 ലെ എം3/34061/17 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17.03.2018 ലെ കെ.എസ്.എ. 541/പി.റ്റി.3/2018 നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4(11) പ്രകാരം ,സ്റ്റോർ പർച്ചേസ് ചട്ടം/പ്രോക്വയർമെൻറ് മാന്വൽ പ്രകാരമുള്ള ടെൻഡർ/ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിക്കാതെ കാഡ്കോയിൽ നിന്ന് അംഗൻവാടികൾക്കു വേണ്ടി ഫൈബർ കസേരകൾ വാങ്ങിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ഈ വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 30.1.2018 ലെ 3/16(1)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ,ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റി ശുപാർശ എന്നിവ സഹിതം പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിരിക്കുന്ന തുക അനുവദിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് ഭരണ സമിതി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

**2.** അംഗൻവാടികൾക്കു ഫർണിച്ചറും അനുബന്ധ സാമഗ്രികളും വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം സാധന സാമഗ്രികൾ ഗവണ്മെന്റ് സ്ഥാപനമായ കാഡ്കോയിൽ നിന്നും വാങ്ങിയത് പ്രൊക്യൂർമെൻറ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ഭരണ സമിതിയുടെ തീരുമാനത്തിന് വിധേയമായിട്ടാണ്. ടെൻഡർ/ക്വട്ടേഷൻ നടപടികൾ കൂടാതെ കാഡ്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിനു സർക്കാർ കാലാകാലങ്ങളിൽ അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. ഒരേ പ്രോജെക്റ്റിൽ ഉൾപ്പെട്ട വിവിധ ഫർണിച്ചറുകൾ ചിലതു നേരിട്ടും ചിലതു ക്വട്ടേഷൻ മുഖേനയും വാങ്ങുന്നത് കാലതാമസത്തിനു ഇടയാക്കുന്നതും ചെലവ് കൂടുന്നതുമാണെന്നും ഈ പ്രൊജക്റ്റ് നടപ്പിലാക്കുക വഴി അംഗൻവാടികൾക്കു അത്യാവശ്യ ഫർണിച്ചറുകൾ ലഭ്യമാക്കുന്നതിനും അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സഹായകമായിട്ടുണ്ട് എന്നും നടപടിക്രമങ്ങൾ പാലിക്കാതെ അംഗൻവാടികൾക്കു വേണ്ടി ഫൈബർ കസേരകൾ വാങ്ങിയതിൽ പഞ്ചായത്തിനോ സർക്കാരിനോ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നതിനാലും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 3/16(1)-ാം നമ്പർ തീരുമാനം, മലപ്പുറം ജില്ലാ ഓഡിറ്റ് മോണിറ്ററിങ് സമിതിയുടെ II(11)-ാം നമ്പർ തീരുമാനം എന്നിവ പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപടിക്രമങ്ങൾ പാലിക്കാതെ അംഗൻവാടികൾക്കു വേണ്ടി ഫൈബർ കസേരകൾ വാങ്ങിയതിൽ പഞ്ചായത്തിനോ സർക്കാരിനോ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നതിനാലും ജില്ലാതല മോണിറ്ററിങ് കമ്മിറ്റിയുടെ യോഗ തീരുമാനം, പഞ്ചായത്ത് കമ്മിറ്റി തീരുമാനം എന്നിവ പരിഗണിച്ചും ഓഡിറ്റ് ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവരുടെ അനുകൂല ശുപാർശ കണക്കിലെടുത്തും മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4(11) പ്രകാരം തടസ്സപ്പെടുത്തിയ 25,900/-( ഇരുപത്തിഅയ്യായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സെക്രട്ടറി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് ,മലപ്പുറം

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**